കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഒരു ഗ്രീൻ പാർട്ടി വേണം

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റിയത് എന്തു സവിശേഷതയാണ്? പ്രജാക്ഷേമ തത്പരരായ രാജാക്കന്മാർ, ബ്രിട്ടീഷ് ഭരണം, നവോത്ഥാന മുന്നേറ്റം, ദേശീയ സ്വാതന്ത്ര്യ സമരം, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇങ്ങനെ ഓരോരോ വിലയിരുത്തലുകൾ കാണാം. എന്നാൽ പശ്ചിമഘട്ട മലനിരകളും കാടും അതിൽ നിന്നും ഉത്ഭവിച്ച് സമതലങ്ങളിലൂടെ ഒഴുകിവരുന്ന നീരുറവകളും കാറ്റും കൃഷിയും ജലാശയങ്ങളും മഴയും വെയിലും പച്ചപ്പുമൊക്കെയാണ് നമ്മുടെ ഐശ്വര്യത്തിന്റെ നിദാനം.

ഇവിടുത്തെ സമ്പന്നമായ പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ 35-40 വർഷങ്ങളായി ജാഗ്രതയോടെ നടന്നുവരുന്നു. ഇനി പരിസ്ഥിതി പ്രവർത്തനം ഓഡിറ്റ് ചെയ്യേണ്ട സമയമായി. പരിസ്ഥിതി എന്നതിനെ പരിതസ്ഥിതി എന്നു പറഞ്ഞുനടന്ന രാഷ്ട്രീയക്കാർവരെ പരിസ്ഥിതി പ്രചരിപ്പിച്ചു തുടങ്ങി. ഹരിതകേരളം പ്രഖ്യാപനത്തിലൂടെ അത് പൂർത്തിയായി. മൂന്ന് കോടി മരങ്ങൾ നടാൻ ബജറ്റിൽ വിഹിതവും നീക്കിവയ്ക്കുന്നു. ആനന്ദലബ്ധിക്കിനി എന്തുവേണം. ജൂൺ അഞ്ചിന് കേരളത്തിലെമ്പാടും പരിസ്ഥിതി കുപ്പായക്കാരാണ്.

പശ്ചിമഘട്ട മലനിരകളും കാടും നദികളും തകർന്നുകൊണ്ടിരിക്കുകയാണ്. വികസനം എന്ന അലർച്ച എവിടെയും പ്രതിധ്വനിക്കുന്നു. തണൽ മരങ്ങൾ മുറിക്കാൻ അനുവാദം വേണമെന്ന് വൃക്ഷ നിയമം ഭേദഗതി ചെയ്തിട്ട് 12 വർഷമായി. പശ്ചിമഘട്ടത്തിലെ അനധികൃത ക്വാറികൾ നിലനിർത്താൻ സുപ്രീം കോടതിയിൽ വരെ വാദിക്കാൻ സർക്കാർ കൂട്ട്. അഞ്ച് വർഷത്തേക്ക് ചിന്തിക്കുന്ന രാഷ്ട്രീയവും ന്യായീകരണ തൊഴിലാളികളായ അണികളും എങ്ങും നിറയുന്നു. പരിസ്ഥിതി പ്രവർത്തകർ ഒരു സംക്രമകാലത്താണ് നിലകൊള്ളുന്നത്. പരിസ്ഥിതി സംരക്ഷണത്തിന് തുനിയുമ്പോൾ രാഷ്ട്രീയം, അധികാരം, ഭരണകൂടം എന്നീ മേഖലകളെ നാം അഭിമുഖീകരിക്കേണ്ടതായി വരുന്നുണ്ട്. അതിനാൽ നാം രാഷ്ട്രീയമായി പ്രവർത്തനം വിപുലീകരിക്കണം. ഹരിത രാഷ്ട്രീയം സ്വാംശീകരിക്കണം. നമ്മുടെ ഉള്ളിലെ അരാഷ്ട്രീയക്കാരനേയും കക്ഷി രാഷ്ട്രീയക്കാരനേയും മാറ്റണം. നിയമസഭയിൽ പ്രാധിനിത്യമില്ലാത്ത ഒരു ചെറുരാഷ്ട്രീയ പാർട്ടിക്ക് പോലും ലഭിക്കുന്ന സ്വീകാര്യത കേരളത്തിൽ പരിസ്ഥിതി പ്രവർത്തകർക്ക് ഇല്ല എന്ന് തിരിച്ചറിയണം. 35-40 വർഷത്തെ പ്രവർത്തന ഓഡിറ്റ് പ്രധാനമാകുന്നത് ഇങ്ങനെയാണ്. ഇനി പഴയ രീതിയിലുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് പ്രസക്തിയില്ല. കവികളും കലാകാരന്മാരും എഴുത്തുകാരും ശാസ്ത്രജ്ഞന്മാരും നയിച്ച പരിസ്ഥിതി പ്രസ്ഥാനം ഗതിമുട്ടി. ഇനി ഇരകളും ഹരിതരാഷ്ട്രീക്കാരും നേതൃത്വനിരയിലേക്ക് വരണം. അതെ, കേരളത്തിൽ ഒരു ഗ്രീൻ പാർട്ടി നമുക്ക് വേണം, പ്രകൃതിക്ക് വേണ്ടി വാദിക്കാൻ.

ആശങ്കകളും വിയോജിപ്പുകളും ധാരാളം കാണും. ചിലത് നമുക്ക് പരിഗണിക്കാം. ഒന്ന്, കാക്കത്തൊള്ളായിരം പാർട്ടികളുണ്ട്, ഇനി ഇതും കൂടി വേണോ? അതെ, വേണം പ്രകൃതിക്ക് വേണ്ടി വാദിക്കാൻ മറ്റാരും ഇല്ലാത്തതിനാൽ. പാർട്ടികൾ ഇനിയും എത്രവേണമെങ്കിലും ആകാം. സ്ത്രീകളുടെ പാർട്ടി, ദലിതരുടെ പാർട്ടി...

രണ്ട്, എല്ലാ പാർട്ടികളും രൂപീകരണ സമയത്ത് ശ്രേഷ്ഠമായിരിക്കും, പിന്നീട് ജീർണ്ണിക്കും. അതെ, അങ്ങനെ സംഭവിക്കാറുണ്ട്. മതത്തിലും രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഈ പ്രവണത കാണാറുണ്ട്. എന്നാൽ നാം അധികാരത്തെ ലക്ഷ്യം വയ്ക്കുന്നില്ല, അവബോധത്തെയാണ്, വരും തലമുറകളെ സംരക്ഷിക്കാനുള്ള വിവേകത്തെയാണ് ലക്ഷ്യം വയ്ക്കുന്നത്. അപ്പോൾ ജീർണ്ണതയ്ക്ക് പരിമിതികളുണ്ട്.

മൂന്ന്, എല്ലാ പാർട്ടികളും പുരുഷാധിപത്യപരമാണ്. അതെ, അത് ശരിയാണ്. എല്ലാ പാർട്ടികളും മനുഷ്യർക്കും, പ്രത്യേകിച്ച് പുരുഷനും വേണ്ടി നിലകൊള്ളുന്നു. എന്നാൽ ഗ്രീൻപാർട്ടി സ്ത്രീകൾ നയിക്കുന്ന പാർട്ടിയായിരിക്കണം. 50 വയസ്സ് കഴിഞ്ഞ പുരുഷന്മാർ വെൽവിഷേഴ്സ് മാത്രം.

നാല്, കക്ഷി രാഷ്ട്രീയം പങ്കിട്ടെടുത്ത ജനതയാണ് മലയാളികൾ. ഗ്രീൻ പാർട്ടിക്ക് ഇനി ആളെക്കിട്ടുമോ? ഇന്ന് പല പ്രസ്ഥാനങ്ങളും ആൾക്കൂട്ടങ്ങളാണ്. അവബോധമാണ് ഗ്രീൻപാർട്ടി പ്രതീക്ഷിക്കുന്നത്. അതിനാൽ ഗണിത പ്രദർശന ഭാരമില്ല.

അഞ്ച്, ഓരോ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി പ്രവർത്തകർ ഗ്രീൻപാർട്ടിയിലേക്ക് കടന്നുവരുമോ? വേണ്ടതില്ല, പ്രവർത്തിക്കുന്ന മേഖലയിൽ സമുദായം-മതം -പാർട്ടി, അവിടെ അവർ പരിസ്ഥിതി പ്രവർത്തനം വിവേകത്തോടെ നടത്തട്ടെ. ഇ.എം.എസ് ഒരുകാലത്ത് കോൺഗ്രസ് ആയിരുന്നു, എം.എൻ. റോയ് കമ്മ്യൂണിസ്റ്റും കെ. വേണു നക്സലൈറ്റും. അവർ മാറിയില്ലേ. ഈ മാറ്റം നമ്മൾ പ്രോത്സാഹിപ്പിക്കണം. മാറിവരുന്നവരെ ഗ്രീൻ പാർട്ടിയിലേക്ക് സ്വാഗതം ചെയ്യണം.

ആറ്, സ്ത്രീകൾക്ക് മാത്രമായി ഗ്രീൻ പാർട്ടിയെ മുന്നോട്ട് നയിക്കാൻ കഴിയുമോ? ഇല്ല, യുവജനങ്ങൾ പങ്കാളികളാകണം. വിദ്യാർത്ഥികൾ പിന്തുണയ്ക്കണം. ഇവരാണ് ഗ്രീൻപാർട്ടിയുടെ നേതാക്കളോ അനുയായികളോ ആകേണ്ടത്.

ജർമ്മനിയിൽ ഗ്രീൻ പാർട്ടി ശക്തമായിരുന്നു. ഇപ്പോഴത് ദുർബലമായി. പെട്രോകെല്ലി ആത്മഹത്യ ചെയ്തു. ഈ അനുഭവം? അതെ, അത് ചരിത്രാനുഭവമാണ്. പെട്രോകെല്ലി ആത്മഹത്യ ചെയ്തതാണ് എന്ന് ഉറപ്പാക്കാനാവില്ല. ദുരൂഹമരണമാണത്. അവിടെ പാർലമെന്റിൽ വരെ ഗ്രീൻ പാർട്ടി ശക്തമായിരുന്നു. നാം അധികാരകേന്ദ്രങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നില്ല. നിരന്തരം പ്രതിപക്ഷമായിരിക്കും.

ഗ്രീൻ പാർട്ടി ആരുടെയൊക്കെ വിമോചനമാണ് പ്രതീക്ഷിക്കുന്നത്? നമ്മുടെ നാട്ടിൽ ദുരന്തമനുഭവിക്കുന്ന ആദ്യ വിഭാഗം കാടിന്റെ മക്കളാണ്. പിന്നെ കടലിന്റെ മക്കൾ. പിന്നെ മണ്ണിന്റെ മക്കൾ. ജീവസന്ധാരണം നഷ്ടപ്പെട്ടവരുടെ പക്ഷത്തായിരിക്കും എപ്പോഴും ഗ്രീൻ പാർട്ടി.

മറ്റെന്താണ് ഇതിന്റെ ലിഖിത മാനിഫെസ്റ്റോ? ലിഖിതമല്ല, അലിഖിതമാണ്, ലളിതമാണ്. ഗ്രീൻ പാർട്ടിയുടെ നിലപാടുകൾ സംവാദങ്ങളിലൂടെ ഉരുത്തിരിയുന്നവയാണ്. തെരഞ്ഞെടുപ്പിൽ നിന്നും മാറി നിൽക്കുന്നില്ല, പക്ഷെ അധികാര രാഷ്ട്രീയം ഒരു പ്രധാന പരിഗണനയല്ല. പ്രകൃതിയുടെ ആത്മീയതയും വിഭവങ്ങളുടെ സംരക്ഷണവുമാണ് പ്രധാനം.

പ്രവർത്തകർക്കുള്ള യോഗ്യത? ജനങ്ങളോടോ, പ്രസ്ഥാനങ്ങളോടോ പാരമ്പര്യത്തോടോ അല്ല, അവനവനോട് തന്നെയാണ് അംഗങ്ങൾക്ക് വിധേയത്വം. നാം മറ്റാർക്കെങ്കിലും വേണ്ടിയല്ല, എല്ലാവരും എല്ലാവർക്കും വേണ്ടിയാണ്. വികാരപരമല്ല, വിമോചനപരമാണ് ഗ്രീൻപാർട്ടിയുടെ പ്രവർത്തനം. വൃക്ഷാവകാശവും മൃഗാവകാശവും മനുഷ്യാവകാശവും അംഗീകരിക്കുന്നവർക്കാണ് ഇതിന്റെ നേതൃത്വ ചുമതല. ■